# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1482.

21..3..2012-ൽ മറുപടിക്ക്

## ക്ഷീരവികസന മേഖല

**ചോദ്യം**

ഡോ. എൻ ജയരാജ്.
ശ്രീ. റോഷി അഗസ്റ്റിൻ.
ശ്രീ. പി.സി. ജോർജ്.

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.

(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

(എ) 2012-2013 സാമ്പത്തിക വർഷം ക്ഷീരവികസന മേഖലയുടെ ഉന്നമനത്തിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(എ) മുൻ വർഷങ്ങളിൽ നടപ്പാക്കിയിട്ടുള്ളതു പോലെ 2012-2013 ലേക്ക് മിൽക്ക് ഷെഡ് വികസന പദ്ധതി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കാലിത്തീറ്റ സബ്സിഡി, ക്ഷീരസഹകരണസംഘങ്ങളുടെ നവീകരണം, ക്ഷീരകർഷക ക്ഷേമനിധിയ്ക്കുള്ള ധനസഹായം തുടങ്ങി വിവിധ പദ്ധതികളിലായി 2443 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതിനു പുറമെ കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ മിൽമ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക് സൗജന്യ തീറ്റവിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര

| | | |
|---|---|---|
| | | ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ വഴി ക്ഷീര കർഷകർക്ക് നൽകി വരുന്നു. |
| (ബി) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ഏത് ഘട്ടം വരെയായി; ഇതു സംബന്ധിച്ച നിബന്ധനകൾ ഏവ; വ്യക്തമാക്കുമോ? | (ബി) ക്ഷീരകർഷകരെ ഭാഗികമായി മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ